**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5897** **16-03-2023 - ൽ മറുപടിയ്ക്ക്**

**മാവേലിക്കരയിലെ കോട്ടത്തോട് മാലിന്യമുക്തമാക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മുനിസിപ്പാലിറ്റിയിലൂടെ കടന്നുപോകുന്ന കോട്ടത്തോട് മാലിന്യമുക്തമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | മാവേലിക്കര നഗരസഭയിൽ മാലിന്യ നിർമ്മാർജ്ജന പദ്ധതി കാര്യക്ഷമമാക്കുന്നതിനായി മാവേലിക്കര എം.എൽ.എ യുടെ നേതൃത്വത്തിൽ ക്ലീൻ മാവേലിക്കര എന്ന പേരിൽ കോട്ടത്തോട് ശുചിയാക്കുന്നതിനായി നഗരസഭ, ശുചിത മിഷൻ, ഹരിത കേരള മിഷൻ, കുടുംബശ്രീ എന്നിവരെ യോജിപ്പിച്ച് കൊണ്ട് ഒരു പദ്ധതി ആവിഷ്കരിക്കുകയും ആയത് പ്രകാരം ടി പദ്ധതിയുടെ ആദ്യപടിയായി കോട്ടത്തോട്ടിലേക്ക് മാലിന്യം തുറന്നുവിടുന്ന വീടുകളെയും സ്ഥാപനങ്ങളെയും കണ്ടെത്തി നിയമനടപടി സ്വീകരിക്കുന്നതിനായി നഗരസഭാതല സ്ക്വാഡ് രൂപീകരിച്ചു. ആയത് പ്രകാരം കോട്ടത്തോട്ടിലേക്ക് ഔട്ട് ലെറ്റുകൾ , മലിനജലം ഒഴുക്കുന്ന പൈപ്പുകൾ എന്നിവ തുറന്നു വെച്ചിട്ടുള്ള 9 സ്ഥാപനങ്ങൾക്കും 3 വീടുകൾക്കും നോട്ടീസ് നൽകിയിട്ടുള്ളതാണ്. രണ്ടാമത്തെ നോട്ടീസ് നൽകിയതിൻ പ്രകാരം ടി 4 സ്ഥാപനങ്ങൾ ബഹു. കൗൺസിലിലേക്ക് അപ്പീൽ സമർപ്പിക്കുകയും 10.02.2023 കൗൺസിൽ തീരുമാന പ്രകാരം തുടർനടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത കോട്ടത്തോടിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) | കോട്ടത്തോടിന്റെ അനധികൃത കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന്റെ ഭാഗമായി കോട്ടത്തോടിന്റെ വലിയകുളം മുതൽ കൽമണ്ഡപം കടവ് വരെയുള്ള ഭാഗം താലൂക്ക് ഓഫീസിന്റെ നേതൃത്വത്തിൽ അതിർത്തി നിർണ്ണയം നടത്തി നടപടി സ്വീകരിച്ച് വരുന്നു. |
| (സി) | കോട്ടത്തോട് ശുചീകരണവുമായി ബന്ധപ്പെട്ട് ശുചിത്വമിഷൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | മാവേലിക്കര മുനിസിപ്പാലിറ്റിയിലെ ജനപ്രതിനിധികൾ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവരുമായി സംയുക്ത പരിശോധന നടത്തുകയും പ്രദേശവാസികളുമായി ആശയവിനിമയം നടത്തുകയും ചെയ്തു. തെളിനീരൊഴുകും നവകേരളം ക്യാമ്പയിന്റെ |

| | | | |
|---|---|---|---|
| | | | ഭാഗമായി മാവേലിക്കര നഗരസഭയുമായി സഹകരിച്ച് ജലഗുണനിലവാര പരിശോധന നടത്തി. സ്വച്ഛ് ഭാരത് മിഷൻ (നഗരം) 2.0 പദ്ധതിയിൽപ്പെടുത്തി ശുദ്ധീകരണ പദ്ധതി ആവിഷ്കരിക്കുന്നത് പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ